ജനയുഗം
JANAYUGOM

21 July 2024

## എംഎൽഎസ് നിയന്ത്രണം ഫലം കാണുന്നു

# കിളിമീൻ ഉല്പാദനം 41 ശതമാനം കൂടി

കൊച്ചി: ചെറുമീൻ പിടിത്തം നിരോധിക്കുന്ന മിനിമം ലീഗൽ സൈസ് (എംഎൽഎസ്) നിയന്ത്രണം നടപ്പിലാക്കിയതിന് ശേഷം കിളിമീൻ ഉൽപാദനം 41 ശതമാനം കൂടിയതായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർ ഐ) പഠനം. ചെറുമീൻ പിടുത്തത്തിന് ഏറ്റവും കൂടുതൽ വിധേയമായ മത്സ്യയിനമാണ് കിളിമീൻ.

കേരളത്തിലെ മത്സ്യബന്ധനവും സുസ്ഥിര വികസനവും എന്ന വിഷയത്തിൽ സിഎംഎഫ്ആർഐയിൽ സംഘടിപ്പിച്ച ഗുണഭോക്തൃ ശിൽപശാലയിലാണ് പഠനം അവതരിപ്പിച്ചത്. നിരോധനത്തിന് ശേഷം കിളിമീനുകളുടെ അംഗസംഖ്യാ വർധനവിലും പ്രജനനമൊത്ത ലഭ്യതയിലും വർധനവുണ്ടായി.

എംഎൽഎസ് നിയന്ത്രണം മൂല്യശൃംഖലയിലുടനീളം നടപ്പാക്കുന്നത് ഗുണകരമാകും. വലയുടെ കണ്ണിവലിപ്പ നിയന്ത്രണം കർശനമായി പാലിക്കുന്നത് കുറേക്കൂടി ഫലപ്രദമാകുമെന്നും സിഎംഎഫ്ആർഐ നിർദേശിച്ചു.

സമുദ്രമത്സ്യ മേഖലയുമായി ബന്ധപ്പെട്ട് സിഎംഎഫ്ആർഐയുടെ വിവിധ ഗവേഷണ ഫലങ്ങൾ മത്സ്യത്തൊഴിലാളികളുമായും മറ്റ് അനുബന്ധമേഖലകളിൽ പ്രവർത്തിക്കുന്നവരുമായി ചർച്ച ചെയ്യുന്നതിനാണ് ശില്പശാല സംഘടിപ്പിച്ചത്.

ശില്പശാലയിൽ മറൈൻ ബയോഡൈവേഴ്സിറ്റി ആന്റ് എൺവയൺമെന്റ് മാനേജ്മെന്റ് വിഭാഗം മേധാവി ഡോ ഗ്രിൻസൻ ജോർജ് അധ്യക്ഷത വഹിച്ചു. സിഎംഎഫ്ആർഐയുടെ ഗവേഷണഫലങ്ങൾ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ടി എം നജ്മുദ്ധീൻ അവതരിപ്പിച്ചു.

ചെറുമീനുകളെ പിടിക്കാതെ വളരാൻ അനുവദിച്ചാൽ മത്സ്യമേഖലക്ക് അധികലാഭമുണ്ടാക്കാനും മീനുകളെ വംശനാശ ഭീഷണിയിൽ നിന്ന് രക്ഷിക്കാനുമാകും.

കിളിമീൻ, ചാള, കൂന്തൽ, അരണമീൻ, കറൂപ്പ് എന്നിവയുടെ ചെറുമത്സ്യബന്ധനം കാരണം കഴിഞ്ഞ ഏഴ് വർഷത്തിനുള്ളിൽ 1777 കോടി രൂപയുടെ നഷ്ടമാണ് കണക്കാക്കുന്നത്. ചെറുമീൻ പിടിത്തം കാരണം ഈ അഞ്ച് മത്സ്യയിനങ്ങളുടെ ശരാശരി വാർഷിക നഷ്ടം 216 കോടി രൂപയാണ്. -സിഎംഎഫ്ആർഐയുടെ പഠനം ചൂണ്ടിക്കാട്ടി.

എറണാകുളം, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിൽ സിഎംഎഫ്ആർഐ നടത്തിയ പഠനത്തിൽ, കോവിഡിന് ശേഷം ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസം തുടങ്ങിയവക്കായി മത്സ്യത്തൊഴിലാളികളുടെ ഉപഭോഗചിലവിൽ കുറവ് വന്നതായും കണ്ടെത്തി. എറണാകുളം ജില്ലയിൽ 34 ശതമാനവും ആലപ്പുഴയിൽ 13 ശതമാനവും മലപ്പുറത്ത് 11 ശതമാനവുമാണ് കുറവ്.